"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീ. ശ്യാം. എസ്, ഡെപ്യൂട്ടി ഡയറക്ടർ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, ചങ്ങനാശ്ശേരി, ശ്രീ. ഷാൻ പി.ആർ, അസിസ്റ്റന്റ് ഡയറക്ടർ (റബ്ബർ), കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, മഞ്ചേരി - സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.565/2026/ID തീയതി,തിരുവനന്തപുരം, 15-05-2026

---

പരാമർശം:-

1. വയനാട് ജില്ലാ വ്യവസായ കേന്ദ്രം ചീഫ് അക്കൗണ്ടന്റ് ശ്രീ.സാനു എം.എസ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് സമർപ്പിച്ച 18/07/2024 തീയതി രേഖപ്പെടുത്തിയ പരാതി.
2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 04/09/2024, 10/10/2024, 12/12/2024, 18/12/2024 തീയതികളിലെ ഡിഐസി/3987/2024 ഇഡി1 നമ്പർ കത്തുകൾ.
3. 27/12/2024-ലെ സ.ഉ. (സാധാ) നം. 1222/2024/വ്യവ.
4. 30/12/2024-ലെ സ.ഉ. (സാധാ) നം. 1232/2024/വ്യവ.
5. 01/03/2025-ലെ സ.ഉ (സാധാ) നം. 224/2025/വ്യവ.
6. 16/05/2025-ലെ അന്വേഷണ റിപ്പോർട്ട്.
7. ഒ.എ നം. 1400/2025-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 08/07/2025-ലെ ഉത്തരവ്.
8. 13/09/2025-ലെ സ.ഉ. (സാധാ) നം. 1194/2025/വ്യവ.
9. കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ 02/09/2025-ലെ KLHEC-4-A7/706/MS/Drct./2025(Rubber Board) നമ്പർ കത്ത്.
10. 15/11/2025-ലെ സ.ഉ. (സാധാ) നം. 1429/2025/വ്യവ.
11. വ്യവസായ വാണിജ്യ ഡയറക്ടറുടെ 27/01/2026 , 10/02/2026, 24/04/2026 തീയതികളിലെ ഡിഐസി/303/2026-ഇഡി1 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

വ്യവസായ വാണിജ്യ വകുപ്പിലെ കോമൺഫെസിലിറ്റി സർവ്വീസ് സെന്റർ ചങ്ങനാശ്ശേരിയിലെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. ശ്യം. എസ്, മഞ്ചേരിയിലെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ മേധാവി ആയ ശ്രീ. ഷാൻ. പി.ആർ അസ്സിസ്റ്റന്റ് ഡയറക്ടർ (റബർ) എന്നിവർ അംഗീകാരമില്ലാത്ത യോഗ്യത സർട്ടിഫിക്കറ്റ് ഹാജരാക്കിയാണ് സ്ഥാനക്കയറ്റം കരസ്ഥമാക്കിയിട്ടുള്ളതെന്ന് ആരോപിച്ച് ശ്രീ. സാനു. എം. എസ് പരാമർശം (1)

പ്രകാരം സമർപ്പിച്ച പരാതിയിൽ പരാമർശം (2) പ്രകാരമുള്ള വ്യവസായ വാണിജ്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ ശ്യാം. എസ്, ശ്രീ. ഷാൻ പി. ആർ എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യും വിഷയം സംബന്ധിച്ച അന്വേഷണത്തിന് ശ്രീമതി. ആനി ജൂല തോമസ് ഐ.എ.എസ്-നെ ചുമതലപ്പെടുത്തിയും പരാമർശം (3) (4) (5) എന്നിവ പ്രകാരം ഉത്തരവായിരുന്നു.

2. തങ്ങളെ സസ്പെൻഡ് ചെയ്ത് 180 ദിവസങ്ങൾ അധികരിച്ചിട്ടും കുറ്റാരോപണ മെമ്മോ നല്കുകയോ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുകയോ ചെയ്യാത്തത് നീതി നിഷേധമാണെന്നും നടപടിക്രമങ്ങളിലെ വീഴ്ചയാണെന്നും ആകയാൽ സസ്പെൻഷൻ ഉത്തരവ് റദ്ദ് ചെയ്ത് സർവ്വീസിൽ പുന:പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ശ്യാം. എസ്-ഉം ശ്രീ. ഷാൻ പി. ആർ-ഉം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്ന ഒ.എ. 1400/2025-ൽ ബഹു. ട്രൈബ്യൂണലിന്റെ പരാമർശം (7)-ലെ ഉത്തരവിൽ ശ്രീ. ശ്യാം. എസ്, ശ്രീ. ഷാൻ പി. ആർ എന്നിവർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള Annexures A9 and A10 നിവേദനങ്ങൾ Ajay Kumar Choudhari v. Union of India ((2015) 7 SCC 291) വിധിയിലെ പരാമർശങ്ങളുടെ കൂടി അടിസ്ഥാനത്തിൽ പരിഗണിച്ച് ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 1 മാസത്തിനകം തീർപ്പാക്കണമെന്ന് സർക്കാരിന് നിർദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ വിഷയം പരിശോധിക്കുകയും കുറ്റാരോപിതരായ ശ്രീ ശ്യാം എസ്സ്, ഡെപ്യൂട്ടി ഡയറക്ടർ, ശ്രീ ഷാൻ പി ആർ, അസിസ്റ്റൻ്റ് ഡയറക്ടർ (റബർ) എന്നിവർക്കെതിരെ തുടർന്നു വരുന്ന അന്വേഷണത്തിന് ഭംഗം വരാത്ത രീതിയിൽ സസ്പെൻഷൻ പിൻവലിച്ച് സർവീസിൽ തിരികെ പ്രവേശിപ്പിച്ചു കൊണ്ട് പരാമർശം (8) പ്രകാരം ഉത്തരവായിരുന്നു.

3. ശ്രീ. ശ്യാം. എസ്. ശ്രീ. ഷാൻ പി. ആർ എന്നിവർ സ്ഥാനക്കയറ്റത്തിനായി സമർപ്പിച്ച Indian Rubber Institute-ന്റെ DIRI സർട്ടിഫിക്കറ്റുകൾ നല്കിയിട്ടുള്ളത് ഐആർഐയും ഐഐടി ഖരഗ്പൂരും തമ്മിലുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാത്തിലാണെന്നും കൂടാതെ രണ്ട് ഉദ്യോഗസ്ഥർക്കും സ്ഥാനക്കയറ്റത്തിനായി ഇൻഡസ്ട്രീസ് സർവീസ് സ്പെഷ്യൽ റൂളുകളിൽ നിർദ്ദേശിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതകളുണ്ടെന്നുമുള്ള കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിന്റെ പരാമർശം (9) ലെ റിപ്പോർട്ടിന്റെയും അന്വേഷണ ഉദ്യോഗസ്ഥ സമർപ്പിച്ച പരാമർശം (6) -ലെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ, ശ്രീ. ശ്യാം.എസ്, ശ്രീ. ഷാൻ പി. എന്നിവർക്കെതിരെ സ്വീകരിച്ച് വന്നിരുന്ന നടപടി അവസാനിപ്പിച്ച് പരാമർശം (10) പ്രകാരം ഉത്തരവായിരുന്നു.

4. അച്ചടക്ക നടപടി അവസാനിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ തങ്ങളുടെ സസ്പെൻഷൻ കാലയളവ് തങ്ങൾ സർവ്വീസിൽ തുടർന്നിരുന്നുവെങ്കിൽ എന്നപോലെ എല്ലാ ആനുകൂല്യങ്ങൾക്കും ഡ്യൂട്ടിയായി പരിഗണിച്ച് ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ശ്യാം. എസ്, ശ്രീ. ഷാൻ പി. ആർ എന്നവർ സമർപ്പിച്ച അപേക്ഷകൾ പരാമർശം (11) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

5. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ശ്രീ. ശ്യാം. എസ്, ഡെപ്യൂട്ടി ഡയറക്ടർ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, ചങ്ങനാശ്ശേരി, ശ്രീ. ഷാൻ പി.ആർ, അസിസ്റ്റന്റ് ഡയറക്ടർ (റബർ), കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, മഞ്ചേരി എന്നിവരുടെ 27-12-2024 മുതൽ 12-09-2025 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടിയാളുകൾ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവനബത്ത തട്ടികിഴിച്ചുള്ള ശമ്പളവും ബത്തകളും ഉൾപ്പെടെ

എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 13-09-2025 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള (ശ്രീ. ശ്യാം. എസ് 18/09/2025, ശ്രീ. ഷാൻ. പി.ആർ 19/09/2025) KSRs Part I Rule-56B (9)-ന് ചുവടെയുള്ള Note-2 പ്രകാരം അർഹമായതും അനുവദനീയവുമായ അവധിയായും ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ജീവനക്കാർക്ക് (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 15-05-2026 11:59:38